# ശുബ്ക്കോനൊ ക്രമം



ܛܟܣܐ ܕܫܘܒܩܢܐ

## നോമ്പിന്റെ ആരംഭത്തിൽ ക്ഷമയുടെ പ്രസക്തി

സുറിയാനിയിൽ "ശുബ്ക്കോനൊ" എന്ന വാക്കിന്റെ അർത്ഥം "ക്ഷമ, മറവി" എന്നെല്ലാമാണ്. ഒരുവൻ നിന്നോടു തെറ്റു ചെയ്താൽ ഏഴേഴു വട്ടം, എഴുപതു പ്രാവശ്യം ക്ഷമിക്കണം (മത്തായി 18:22) എന്ന കർത്തൃവചനത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ള ഒരു ആരാധനാക്രമമാണ് ശുബ്ക്കോനോ. വലിയ നോമ്പിന്റെ ആരംഭത്തിലും, അവസാനത്തിലും (അറിയിപ്പിന്റെ ശനിയാഴ്ച വി. കുർബാനയ്ക്കു ശേഷം) ഈ ക്രമം നടത്തുവാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

നിങ്ങൾ അന്യോന്യം ക്ഷമിക്കുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവും നിങ്ങളോടു ക്ഷമിക്കും എന്നുള്ള വാഗ്ദാനമാണല്ലോ കർത്താവു നമുക്കു തന്നിട്ടുള്ളത് (മത്തായി 6:14). അതിൻപ്രകാരം സന്നിഹിതരായിരിക്കുന്ന പട്ടക്കാരും ജനങ്ങൾ മുഴുവനും അന്യോന്യം സ്നേഹചുംബനം നടത്തി ഹൃദയപൂർവ്വം തെറ്റുകളെ ക്ഷമിക്കുന്നതു കാണുമ്പോൾ അപ്പോൾതന്നെ ദൈവവും നമ്മോടു ക്ഷമിക്കും എന്നാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്. എന്നാൽ നാം ക്ഷമിക്കുന്നത് നാമമാത്രമായി, ബാഹ്യമായ ഒരു പ്രകടനം മാത്രമായിട്ടാകരുത്. ആത്മാർത്ഥമായി, ഹൃദയത്തിൽ നിന്നും ക്ഷമിക്കുവാൻ സാധിക്കണം.

നോമ്പ് സാത്താനുമായുള്ള വലിയ പോരാട്ടമാണല്ലോ. ആ പോരാട്ടത്തിൽ വിജയിക്കണമെങ്കിൽ അന്യോന്യം സ്നേഹപൂർവ്വമുള്ള പ്രാർത്ഥന ആവശ്യമായിരിക്കുന്നു. വാശിയും, വൈരാഗ്യവും സാത്താന്റെ പരീക്ഷണമാണ് എന്നതിന് തർക്കമില്ലല്ലോ. നോമ്പ് ആരംഭിക്കുമ്പോൾ സാത്താൻ തന്റെ പ്രവർത്തനങ്ങൾക്കും ശക്തി വർദ്ധിപ്പിക്കും. അവന്റെ തീവ്രമായ ആക്രമണത്തിൽ നിന്ന് രക്ഷപെടുവാനുള്ള മുഖ്യ ഔഷധമാണ് ശുബ്ക്കോനോ. നോമ്പ് അവസാനിക്കുന്നതോടെ മനുഷ്യന്റെ ആത്മികതയും, സ്നേഹവും അവസാനിക്കുന്നില്ല എന്നതിന്റെ പ്രതീകമായിട്ട് നോമ്പ് തീരുന്ന ദിവസവും ശുബ്ക്കോനോശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നു. അവസാനത്തെ പ്രാർത്ഥനയിൽ സാത്താനിൽ നിന്ന് രക്ഷിക്കണമെന്ന പ്രത്യേക അപേക്ഷയും ശ്രദ്ധേയമാണ്.

നോമ്പ് ആരംഭിക്കുന്ന തിങ്കളാഴ്ച ഉച്ച നമസ്കാരത്തോട് അനുബന്ധിച്ച് ഈ ക്രമം നടത്തുവാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഒമ്പതാം മണിനേരത്തെ പ്രാർത്ഥന പൂർത്തീകരിച്ച ശേഷം വിശ്വാസപ്രമാണത്തിനു മുമ്പ് ശുബ്ക്കോനോക്രമം നടത്തുന്നു. അനുതാപസൂചകമായ പ്രാർത്ഥനകൾക്കു ശേഷം, ഏവൻഗേലിയോൻ വായിച്ച് കോലോകളും ബോവൂസോയും ചൊല്ലണം. തുടർന്ന് ക്ഷമയെക്കുറിച്ചുള്ള പ്രബോധനം നൽകുന്നു. അവസാനം പ്രധാന കാർമ്മികൻ ജനത്തിന്റെ നേരേ തിരിഞ്ഞ് മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ സകല പാപങ്ങൾക്കും മോചനവും ക്ഷമയും യാചിക്കുന്നു. അപ്പോൾ ജനവും അപ്രകാരംതന്നെ മുട്ടുകുത്തി, പിതാവേ ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് അപേക്ഷിക്കുന്നു. തുടർന്ന് വിശ്വാസപ്രമാണവും, നാൽപ്പതു കുമ്പിടലും കുക്കിലിയോനും കഴിഞ്ഞ് എല്ലാവരും പ്രധാന കാർമ്മികന്റെ കൈ മുത്തി, പരസ്പരം സ്നേഹചുംബനം നടത്തി പിരിയുന്നു.

## വലിയനോമ്പ് ആരംഭിക്കുന്ന തിങ്കളാഴ്ചയിലെ
# ശുബ്ക്കോനൊ ക്രമം

(വലിയനോമ്പ് ആരംഭിക്കുന്ന തിങ്കളാഴ്ച ഉച്ചനമസ്ക്കാരത്തോടുകൂടെ അവസാനത്തിലുള്ള ഏവൻഗേലിയോനും ഒരു കൗമായും കഴിഞ്ഞ് നമസ്കാരമേശയ്ക്കരികിൽത്തന്നെ നിന്നു കൊണ്ട് ശുശ്രൂഷ ആരംഭിക്കുന്നു)

### പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ :- ശുബഹോലാബോ....

ജനം :- ബലഹീനരും പാപികളുമായ....

പട്ടക്കാരൻ :- കർത്താവേ! നിന്റെ നിരപ്പും സമാധാനവും നിന്റെ ദൈവ ത്വത്തിന് പ്രീതികരമായ സ്നേഹവും സദാ ഞങ്ങളുടെ ഉള്ളിൽ കുടി കൊള്ളുകയും അതിനാൽ ഞങ്ങളെ സദാ ബന്ധിച്ച് അഴിഞ്ഞു പോകാ ത്തവിധം ഉറപ്പിച്ചുകൊള്ളുകയും ചെയ്യണമേ. ഞങ്ങൾ ഇടവിടാതെ നിന്നെയും നിന്റെ പിതാവിനെയും ജീവനുള്ള പരിശുദ്ധ റൂഹായെയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിക്കുമാറാകണമേ. ഹോശോ...

51-ാം മസുമൂറാ. ദൈവമേ! നിന്റെ കൃപ പോലെ.... (പേജ് 7)

### എനിയോനൊ (ഹത്തീസ്ലോക്ക്)

പാ-പം-ചെയ്തേൻ, പ്രാർത്ഥന കേട്ടൻപുടയോനേ!
എൻ പിഴ പോക്കണമേ.
നാ-ഥാ-നിഖിലേശാ കൃപ ചെയ്കെന്നിൽ

ഏ-റും-കട പാപങ്ങളിൽ ഞാൻ മലിനത പൂണ്ടു
നിലവിളി കൂട്ടുന്നേൻ, നാഥാ!...

നാ-ഥാ-കരുണാനിധിയേ! നിൻ വാതിലിലല്ലാ-
തെവിടടിയാർ മുട്ടും? നാഥാ!...

കേ-ഴു-ന്നേൻ പാപിനിയെപ്പോൽ അർത്ഥിക്കുന്നേൻ
ചുങ്കക്കാരൻ പോൽ, നാഥാ!...

അൻ-പു-ള്ളോനേ! പാപികളിൻ ദോഷ കടങ്ങൾ-
ക്കൻപാൽ ക്ഷമ നൽക, നാഥാ!....

വൈ-രം-മത്സരമിവ വെടിയും സ്നേഹത്താലുൾ-
ത്തളിരു നിറയ്ക്കണമേ. നാഥാ!....

മ്ശീ-ഹാ!-പാതകികൾക്കായി തരുവിൽ തന്മെയ്
ബലിയർപ്പിച്ചോനേ!

നാ-ഥാ-നിഖിലേശാ കൃപ ചെയ്കെന്നിൽ

മ്ശീ-ഹാ!-പാപിനി ചോരനിവർക്കുൾസ്നേഹത്താൽ
മുക്തി കൊടുത്തോനേ! നാഥാ!...

മ്ശീ-ഹാ!-മാളികയതിലേറി ശ്ലീഹന്മാർക്കായ്
ശാന്തിയണച്ചോനേ!- നാഥാ!....

മ്ശീ-ഹാ!-മഹിതശ്ലോമ്മോയാൽ ശിഷ്യരെ സൗധേ
മോദിപ്പിച്ചോനേ! നാഥാ!... ബാറെക്മോർ. ശുബഹോ... മെനഓലം..

താ-തൻ പേർക്കായ് സ്തുതിയേറ്റി കൂപ്പുക സുതനെ
റൂഹായോടൊപ്പം നാഥാ!

ശുശ്രൂഷക്കാരൻ :- സ്തൗമെൻകാലോസ്.... ജനം :- കുറിയേ....

പട്ടക്കാരൻ :- നാമെല്ലാവരും... ജനം :- അനുഗ്രഹിക്കുന്നവനായ...

പട്ടക്കാരൻ :- സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

സ്വർഗ്ഗീയ സമാധാനമാകുന്ന പിതാവേ! നിനക്കു സ്തി. ഭൗമികരുടെ നിരപ്പാകുന്ന പുത്രാ! നിനക്കു സ്തോത്രം. ദൈവികദാനങ്ങളെ പൂർത്തീകരിക്കുന്നവനായ വിശുദ്ധ റൂഹാ! നീ വന്ദ്യനാകുന്നു. പിതാവ് നമ്മുടെ രക്ഷയെപ്രതി തന്റെ ഏകജാതനെ മരണത്തിനു നൽകി. സ്വസ്നേഹത്തിന്റെ പ്രേരണയാൽ പുത്രൻ നമുക്കുവേണ്ടി മരിച്ചു. പരിശുദ്ധ റൂഹാ നമ്മുടെ നന്മയിൽ സന്തോഷിക്കുന്നു. അവൻ മൂലം നമ്മുടെ യാചനകൾ നൽകപ്പെടുകയും ചെയ്യുന്നു. നീ ത്രിത്വമായും സാരാംശത്തിൽ ഏകമായും സ്ഥിതിചെയ്യുന്നവനും മഹത്ത്വത്തോടെ മൂന്നു ക്നൂമാകളായി വന്ദിക്കപ്പെടുന്നവനുമാകുന്നു. കർത്താവേ! പരസ്പരം പരമാർത്ഥമായി സമാധാനം നൽകുവാൻ ഞങ്ങൾക്കു കൃപ നൽകുകയും അതു മൂലം ദൈവികമായി നിന്നോടുള്ള ഐക്യത്തിലും അനശ്വരമായ സ്നേഹബന്ധത്തിലും ഞങ്ങളെ കാത്തുകൊള്ളുകയും ചെയ്യണമേ. മഹനീയമായ നിന്റെ ഉയിർപ്പിന്റെ ആനന്ദദിനത്തിലും എല്ലാ പെരുന്നാളുകളിലും സമയങ്ങളിലും നേരങ്ങളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും വിസ്മയനീയമാം വിധം ഞങ്ങൾ നിന്നെ സ്തുതിക്കുമാറാകണമേ. ബ്കുൽഹൂൻ.... *ജനം:-* ആമ്മീൻ.

## സെദറാ

സൃഷ്ടികളുടെ നിത്യസമാധാനവും സകല ഭാഗങ്ങളുടെയും അതിർത്തികളുടെയും യഥാർത്ഥമായ നിരപ്പും ആയ മിശിഹാതമ്പുരാനേ! നീ സ്നേഹമാകുന്നു. സ്നേഹമെന്ന് നീ വിളിക്കപ്പെടുകയും ചെയ്യുന്നു. മറ്റെല്ലാ നാമങ്ങളെക്കാൾ ഈ നാമത്തിൽ നീ കൂടുതലായി സന്തോഷിക്കുന്നു. അതു മൂലം മനുഷ്യസ്നേഹമുള്ളവൻ എന്ന് നീ അറിയപ്പെടുന്നു. അതു ധരിച്ചിരിക്കുന്നവരെ നീ ബഹുമാനിക്കുന്നു. നിന്റെ കുരിശു മുഖാന്തരം ശത്രുതയുടെ വേലിയെ തകർത്തുകൊണ്ട് ഈ സ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി സ്വീകാര്യബലിയും ആനന്ദപരിമളവുമായി നീ സ്വയം സമർപ്പിച്ചു. സ്വന്തരക്തത്താൽ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളവയെ നീ സമാധാനപ്പെടുത്തി. നിത്യമായ നിന്റെ ദൈവത്വത്തിന്റെ അവിഭാജ്യമായ ഏകത്വംമൂലം അവ രണ്ടിനെയും ഒന്നാക്കിത്തീർത്തുകൊണ്ട് മദ്ധ്യത്തിൽ നിന്ന് വിദ്വേഷത്തെ നീ നീക്കിക്കളഞ്ഞു. താത്ക്കാലികമായ നിന്റെ മനുഷ്യത്വം മൂലം ദൂരസ്ഥരെയും സമീപസ്ഥരെയും നീ വിളിച്ച് ദൈവികമായ നിന്റെ സ്നേഹൈക്യത്തിലും നിന്റെ അനാദ്യന്തമായ രാജ്യത്തിലെ ഭവനാവകാശത്തിലും അവരെ ബന്ധിച്ചു. പ്രധാന മാലാഖയുടെ അഭിവാദനം മൂലം നിന്റെ ഗർഭധാരണത്തെക്കുറിച്ച് കന്യകയായ നിന്റെ മാതാവിനോട് അറിയിക്കുകയാൽ ലോകത്തോടു നിരപ്പും സമാധാനവും നീ സുവിശേഷിച്ചു. സമാധാനത്തോടുകൂടെ നിന്റെ മാതാവ് നിന്റെ പ്രാസംഗികനായ യോഹന്നാന്റെ മാതാവായ ഏലിശ്ബായെ അഭിമുഖീകരിക്കുകയും നിന്റെ സമാധാനത്തിന്റെ സന്തോഷം മൂലം ഒരു ദാസൻ തന്റെ യജമാനന്റെ സന്നിധിയിൽ എന്നവിധം അവൻ നിന്റെ സന്നിധിയിൽ തുള്ളിച്ചാടുകയും ചെയ്തു. നിന്റെ ജനനത്താൽ ഈറേന്മാർ ഇടയന്മാരോടു സമാധാനം അറിയിച്ചു. മഹനീയമായ നിന്റെ പുനരുത്ഥാനത്തെക്കുറിച്ച് സുവിശേഷിച്ച സ്ത്രീകൾക്ക് നീ സമാധാനം നൽകി. പരിശുദ്ധശിഷ്യന്മാർ കൂടിയിരുന്ന മാളികയിൽ നീ സമാധാനപൂർവ്വം പ്രവേശിച്ച് നിന്റെ പുനരുത്ഥാനത്തെക്കുറിച്ച് അവരെ സ്ഥിരചിത്തരാക്കി. നിന്നെ അയച്ചവന്റെ അടുക്കലേക്ക് നീ ആരോഹണം ചെയ്തപ്പോൾ നിന്റെ ശ്ലീഹന്മാർക്കു നീ സമാധാനം നൽകുകയും, എന്റെ സമാധാനം ഞാൻ നിങ്ങൾക്കായി നൽകുന്നു, ലോകം നൽകുന്നതുപോലെയല്ല. ഞാൻ നിങ്ങ

ൾക്കു നൽകുന്നത്, ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണമെന്നുള്ളതാകുന്നു എന്റെ കൽപ്പന എന്ന് അവരോട് അരുളിച്ചെയ്യുകയും ചെയ്തു. ഞങ്ങളുടെ രക്ഷിതാവേ! ഈ സ്നേഹം ഞങ്ങൾക്കായി നീ കാത്തുകൊള്ളണമേ. അതിനാൽ ഞങ്ങളുടെ മനസ്സുകളെ സ്ഥിരപ്പെടുത്തണമേ. നിന്റെ സ്നേഹത്താൽ ഞങ്ങൾ പരസ്പരം ബന്ധിക്കപ്പെടണമേ. നിന്റെ സ്നേഹം ഞങ്ങളുടെ ഇടയിൽ നിന്ന് ഭിന്നതകളെയും തർക്കങ്ങളെയും ബഹിഷ്കരിക്കുമാറാകണമേ. നിന്റെ സ്നേഹം ഞങ്ങളെ നിന്റെ ജീവദായകമായ കൽപ്പനകളെ ആചരിക്കുന്നവരാക്കിത്തീർക്കണമേ. നിന്റെ സ്നേഹത്താൽ പീഡകളും കഷ്ടതകളും ഞങ്ങളിൽനിന്ന് നീക്കിക്കളയണമേ. നിന്റെ സ്നേഹം മൂലം ഞങ്ങൾ നിരപ്പിന്റെയും സമാധാനത്തിന്റെയും സന്താനങ്ങളായി ഭവിക്കണമേ. സമാധാനം മൂലം ഇടയന്മാരെയും അവരുടെ ആടുകളെയും ഐക്യപ്പെടുത്തണമേ. നിന്റെ സമാധാനം മൂലം ആചാര്യന്മാരെ അവരുടെ കൂദാശകളാൽ ആനന്ദിപ്പിക്കണമേ. നിന്റെ സമാധാനത്താൽ നിന്റെ സഭയെയും അതിന്റെ പ്രജകളെയും പൂർണ്ണരാക്കണമേ. നിന്റെ സമാധാനത്താൽ അതിനെ ഭരിക്കണമേ. നിന്റെ സമാധാനത്താൽ അതിനെ അലങ്കരിക്കണമേ. നിന്റെ സമാധാനത്താൽ അതിലെ സംഘങ്ങളെ നയിച്ചുകൊള്ളണമേ. സമാധാനം മൂലം അതിലെ മക്കളെ സന്തോഷിപ്പിക്കണമേ. അതിലുള്ള ദൂരസ്ഥരെ സമാധാനം മൂലം ആകർഷിക്കണമേ. അതിലെ സമീപസ്ഥരെ സമാധാനത്താൽ കാത്തുകൊള്ളണമേ. സമാധാനം മൂലം അതിലെ ശുശ്രൂഷകന്മാരെ ശോഭിപ്പിക്കണമേ. അതിലെ ഭരണകർത്താക്കളെ സമാധാനത്താൽ സംയോജിപ്പിക്കണമേ. അതിലെ ഗണങ്ങളെ സമാധാനത്താൽ ക്രമീകരിക്കണമേ. സമാധാനത്താൽ അതിലെ പെരുന്നാളുകളെ നിലനിർത്തണമേ. കോപിച്ചിരിക്കുന്നവരെ സമാധാനത്താൽ ശാന്തതപ്പെടുത്തണമേ. വ്യർത്ഥന്മാരെ സമാധാനം മൂലം പിന്തിരിപ്പിക്കണമേ. ആത്മദുഃഖിതരെ സമാധാനത്താൽ സന്തോഷപൂർണ്ണരാക്കണമേ. നിന്റെ ഇടവകയെ സമാധാനത്താൽ കാത്തുകൊള്ളണമേ. സംശയബുദ്ധികളെ സമാധാനത്തിൽ സ്ഥിരതയുള്ളവരാക്കണമേ. സമാധാനം മൂലം ഞങ്ങളുടെ വിചാരങ്ങളെ നിർമ്മലമാക്കണമേ. കഠിനരായ യജമാനന്മാരിൽ നിന്ന് സമാധാനം മൂലം ഞങ്ങളെ രക്ഷിക്കണമേ. നിന്റെ എല്ലാ പെരുന്നാ

ളുകളിലും സമാധാനം കൊണ്ട് ഞങ്ങളെ അലങ്കരിക്കണമേ. സമാധാനത്താൽ ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും അംഗീകരിക്കണമേ. സമാധാനത്താൽ കരുണയും വിമോചനവും ഞങ്ങൾക്കു നൽകണമേ. സമാധാനം മൂലം ദുഷ്ടബന്ധങ്ങളെ ഞങ്ങളിൽനിന്ന് അഴിച്ചുകളയണമേ. സമാധാനം മൂലം ഞങ്ങളിൽനിന്ന് ശത്രുവിന്റെ നുകം തകർത്തുകളയണമേ. നിന്റെ സമാധാനം ഞങ്ങളോടുകൂടി സ്ഥിതിചെയ്യണമേ. നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴണമേ. നിന്റെ സ്നേഹത്താൽ ഞങ്ങളുടെ മനസ്സിനെ സന്നദ്ധമാക്കണമേ. നിന്റെ സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കണമേ. സമാധാനനാഥനായ നിന്നെയും സമാധാനദാതാവായ നിന്റെ പിതാവിനെയും സത്യസ്നേഹത്തെ പൂർത്തിയാക്കുന്നവനായ നിന്റെ റൂഹായെയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തോത്രം ചെയ്യുമാറാകണമേ. ഹോശോ...

പട്ടക്കാരൻ:- ദൈവത്തിൽ നിന്ന് കടങ്ങൾക്കു പരിഹാരവും...

## കൂക്കോയൊ

സ്നേഹത്തരുവേ! നീ പാരം മോദകരം ധ-ന്യം
നീയധിവാസം ചെയ്യുമിടം ശുഭപൂർണ്ണം; നി-ന്നാൽ
അബ്രഹാമിൻ-ഗൃഹമാർന്നൂ നാഥൻ
നിന്നാലേറി-വൈദികർ ബെസ്ക്കുദിശാ
യാതനയും പീഡയുമെന്നെ കർത്തൃസ്നേഹ-ത്തി-
ന്നേതുമകറ്റില്ലെന്നോതി നിന്നാൻ പൗലോസും
ഹാലേ... ഇതു തന്നോൻ ധന്യൻ.

സോദരനപരാധം ചെയ്താൽ വൈരം കൈവി-ട്ടി-
ട്ടേഴോടെഴുപതു വട്ടം നീ ക്ഷമ നൽകീടേ-ണം
സോദരനെ പോൽ-നീയും പിഴയാളി
ഓർക്കിൽ നിനക്കും-മോചനമാവശ്യം
രമ്യതയാൽ കൂട്ടാളികളായ് ദിനരാത്രം നി-ങ്ങൾ
നാഥാ സ്തുതിയെന്നാർക്കണമെന്നേവം നമ്മൾ-ക്കായ്
ഹാലേ... എഴുതി ദൈവസുതൻ. ബാറെക്മോർ. ശുബഹോ.....

സ്നേഹം നിസ്തുലമെന്നെഴുതി മാർ പൗലോസ-തിനെ
മോഹിക്കുന്നോൻ ധന്യനവൻ കണ്ടിടുമുടയോ-നെ
കണ്ടാൻ പരനെ-ഗിരിമൗലിയിൽ മോശ
വിധിനിലയത്തിൽ-സഹദേരും കണ്ടു.
തിരുസഭയവനെ തരുവിന്മേൽ സ്നേഹത്താൽ ദ-ർശി-
ച്ചിരവും പകലും സ്തുതിഗാനം ഘോഷിച്ചീടു-ന്നു.
ഹാലേ.... ഉ ഹാലേ.... മെനഓലം.....

പ്രിയരേ! തീക്ഷ്ണത കാട്ടുക ദിവ്യായുധമാം നോ-മ്പിൽ
മശിഹായിൽ പൂർണ്ണതയാർന്നോൻ നോമ്പാൽ ജയമാർന്നു
ആകെൽക്കറുസാ-തന്നൊടു പോരിട്ടാർ
ശോഭിതനായി സീനായിൽ മോശ
ഏലിയായെരിതീത്തേരിൽ നോമ്പാൽ വാനേ-റി
ഉന്നതി സുകൃതികളാർജ്ജിച്ചു മകുടം സഹദേ-രും
ഹാലേ... ഉ ഹാലേ.... മൊറിയൊ....

## എത്രോ

കർത്താവേ! ഞങ്ങളുടെ ഹൃദയങ്ങളെ സമാധാനമന്ദിരങ്ങളും ഞങ്ങളുടെ മനസ്സുകളെ സമാധാനതുറമുഖങ്ങളും ആക്കിത്തീർത്ത്, നിന്നോടും അന്യോന്യവുമുള്ള യഥാർത്ഥസ്നേഹം ഞങ്ങളുടെ ഉള്ളിൽ വിതയ്ക്കണമേ. സ്നേഹവും യോജിപ്പും ഐകമത്യവും ഭക്തിയും ഞങ്ങളിൽ സ്ഥാപിക്കണമേ. അങ്ങനെ വെടിപ്പോടെ ഞങ്ങൾ അന്യോന്യം സമാധാനം നൽകുവാനും പരമാർത്ഥതയോടെ അതു സ്വീകരിപ്പാനും ഞങ്ങൾക്കിടയാകണമേ. ഞങ്ങൾ നിർവഹിക്കുന്ന ഈ കർമ്മത്തിൽ തിരഞ്ഞെടുക്കപ്പെട്ട ധൂപത്തിലും ആനന്ദപരിമളത്തിലും ഹിതകരമായ ധൂപത്തിലും എന്നപോലെ തിരുവിഷ്ടം പ്രീതിപ്പെടുമാറാകണമേ. നീ സകലത്തെയും സമാധാനം മൂലം ആനന്ദിപ്പിക്കുന്നവനും നിരപ്പിനാൽ സകലത്തെയും സന്തോഷിപ്പിക്കുന്നവനും ആകുന്നുവല്ലോ. നിനക്കും നിന്റെ പിതാവിനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ഹോശോ....

## കോലോ

(ആഹായ് നാഹേബ്)

കല്പന കാപ്പാനന്യോന്യം-സ്നേഹിപ്പിൻ സഹജന്മാരെ
ചിലരുപവാസം കാക്കുമ്പോൾ ഹൃദയം-സ്പർദ്ധാവൈരമയം
വീഞ്ഞു വെടിഞ്ഞോരിൽ ചിലരോ-പ്രിയനെ രഹസ്യം നിഹനിപ്പൂ.

മണി പതിനൊന്നിൽ പണിചെയ്വാൻ-വേലക്കാരെ വിളിച്ചവനേ!
നിന്മാനത്തിനു ഞാൻ തീർത്തൊരു മകുടം
പതിനൊന്നും കൈക്കൊ-ണ്ടരുളുക
പാപവിമോചനമ-ക്കനിവിനു ഞാൻ സ്തുതി പാടീടും.

ബാറെക്മോർ. ശുബഹോ...

പരിപാവന സഭയേ! ശാന്തി-ശമവും നിന്മതിലാകട്ടെ
ഈർഷ്യയതും വ്യാജവുമെങ്ങും സ്നേഹ-ത്തീയിലൊടുങ്ങട്ടെ
തിരുമണവാളൻ തൻ പെരുന്നാൾ-സുചിരം നീയാഘോഷിക്ക

മെനഓലം....

ദേവാ! കൃപ ചെയ്തീടണമേ-നിൻകൃപയിൻ പതിവിന്നൊപ്പം
കണിയനവരതം ഞങ്ങൾക്കായ് വയ്ക്കും-കുടിലനെ ഓടിക്ക
നിൻ സ്ലീബാ കാവൽ ഞങ്ങൾ-ക്കതിനാലാവൃതരാം ഞങ്ങൾ.

കരുണാജലനിധിയാം ദേവാ! പാതകികൾക്കുത്തരമരുൾക
അപരാധം ചെയ്തോർ ഞങ്ങൾ കൃപയിൻ-വാതിലിൽ മുട്ടുന്നു
ശ്രീമയമാം നിൻ നിധിയിൽ നി-ന്നേകീടുക പാതകമുക്തി.

മൊറിയൊ....

## മാർ യാക്കോബിന്റെ ബോവൂസ്സൊ

ഈശാ! നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥനകേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം,

ഈശാ! നാഥാ! ഈറയനാഥാ! മാലാഖേശാ!
പ്രാർത്ഥന കേട്ടി ട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

ഐക്യത്തിന്നായ് ബദ്ധപ്പെടുവിൻ ക്രുദ്ധന്മാരേ!
നമ്മാൽ ക്രുദ്ധൻ നാഥൻ നമ്മിൽ പ്രീതിപ്പെട്ടു

കുറ്റം ചെയ്തോനിങ്ങു വരട്ടെ സംമാന്യൻ ഞാൻ-
അങ്ങെത്തീടിൽ മാനം കെടുമെന്നോതീടല്ലേ.

സ്നേഹിക്കേണം ഭ്രാതാക്കളെ നീയവയവതുല്ല്യം
കർത്താവീശോയേകൻതന്നെ മെയ്യിൻമൗലി

കോപം മൂലം ഭ്രാതൃസ്നേഹം വിട്ടീടുന്നോൻ
നാഥാ ദ്വേഷി, ഭ്രാതൃസ്നേഹിക്കില്ലടിമത്വം.

ക്രോധാവിഷ്ടാ! ദൈവത്തെപ്പോൽ നിൻഭ്രാതാവോ-
ടൈക്യം പാലിച്ചീടേണം നീ ചിന്താപൂർവ്വം,

നീക്കുക നീ നിന്നുള്ളിലെ ദുഷ്ടും പകയും പോരും
കർത്തൃസ്നേഹം വാനതിലെ പോൽ വാഴും നിന്നിൽ

കോപിച്ചോർ തൻ ശാന്തിയതാകും താതൻ സ്തുത്യൻ
വന്ദ്യൻ ക്രൂശാൽ ശാന്തി ജഗത്തിന്നേകിയ പുത്രൻ

തപ്തന്മാർക്കായ് മോചനമരുളും റൂഹാ സ്തോത്രം
ഉണ്ടാകട്ടെ നമ്മുടെ മേലൻപാമ്മീനാമ്മീൻ.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

വായനകൾ :- 1 യോഹന്നാൻ 4 : 11 - 21
1 കോര്യന്തി 13 : 4 - 10

പെത്ഗോമൊ:- ഹാലേ... ഉ ഹാലേ... ദോഷക്ഷമയാർജ്ജിച്ചാൻ
പാപവിമോചനമാർന്നോർ ധന്യൻ. ഹാലേലുയ്യാ.

## ഏവൻഗേലിയോൻ

(മത്തായി 18 : 18 - 35)

യേശു ശിഷ്യന്മാരോടു പറഞ്ഞു 'നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളിൽ രണ്ടു പേർ ഭൂമിയിൽ ഏതൊരു കാര്യത്തെക്കുറിച്ചും യാചിപ്പാൻ ഏകമനസ്സുള്ളവരായാൽ സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിങ്കൽനിന്ന് അതു അവർക്കു ലഭിക്കും. എന്തുകൊണ്ടെന്നാൽ എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ എവിടെ കൂടിയിരിക്കുന്നുവോ അവിടെ അവരുടെ ഇടയിൽ ഞാനും ഉണ്ട്'. അപ്പോൾ കീപ്പാ അടുത്തു ചെന്ന് അവനോട് 'എന്റെ കർത്താവേ! എന്റെ സഹോദരൻ എന്നോടു കുറ്റം ചെയ്താൽ ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം. ഏഴു പ്രാവശ്യം വരെയോ' എന്നു ചോദിച്ചു. യേശു അവനോട് 'ഏഴേഴു വീതം എഴുപതു പ്രാവശ്യം എന്നല്ലാതെ ഏഴു വരെ എന്നല്ല ഞാൻ നിന്നോടു പറയുന്നത്' എന്നു പറഞ്ഞു. സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരിൽനിന്ന് കണക്കു കേൾപ്പാൻ മനസ്സുവച്ച രാജാവിനോട് സദൃശ്യമാകുന്നു. അവൻ കണക്ക് കേട്ടു തുടങ്ങിയപ്പോൾ പതിനായിരം താലന്തു കടം വാങ്ങിയിരുന്ന ഒരുവനെ കൊണ്ടുവന്നു. കടം വീട്ടുവാൻ അവന് വകയില്ലാഞ്ഞതുകൊണ്ട് അവനെയും അവന്റെ ഭാര്യയെയും മക്കളെയും അവന്റെ സർവസ്വത്തെയും വിറ്റ് കടം തീർക്കുവാൻ യജമാനൻ കല്പിച്ചു. അപ്പോൾ ആ ദാസൻ വീണു വന്ദിച്ചുകൊണ്ട് പ്രഭോ! എനിക്ക് ഒരവധി തരണമേ. ഞാൻ സകലതും തന്ന് തീർത്തുകൊള്ളാം എന്ന് പറഞ്ഞു. ആ ദാസന്റെ യജമാനൻ മനസ്സലിഞ്ഞ് അവനെ വിടുകയും കടം അവന് ഇളവു ചെയ്ത് കൊടുക്കുകയും ചെയ്തു. ആ ദാസൻ പുറപ്പെട്ട് നൂറുദീനോറോ തന്നോട് കടം വാങ്ങിയിരുന്ന ഒരു സഹോദരനെ കണ്ടു. അവനെ പിടിച്ച് തൊണ്ടയ്ക്കു ഞെക്കി 'എന്നോട് കടം വാങ്ങിയിരിക്കുന്നത് എനിക്ക് തരിക' എന്നു പറഞ്ഞു. ആ കൂട്ടുദാസൻ അവന്റെ കാൽക്കൽ വീണ് 'എനിക്ക് ഒരവധി തരണമേ! സകലതും തന്നുതീർത്തുകൊള്ളാം' എന്ന് അപേക്ഷിച്ചു പറഞ്ഞു. എന്നാൽ അവൻ അതു സമ്മതിക്കാതെ തന്നോടു കടം വാങ്ങിയിരുന്നത് കൊടുത്തു തീർക്കുവോളം അവനെ കാരാഗൃഹത്തിൽ ആക്കിച്ചു. ഈ ഉണ്ടായ സംഗതി കണ്ടപ്പോൾ കൂട്ടുദാസന്മാർ അത്യധികം ദുഃഖിച്ചു വന്ന് ഉണ്ടായ സകലവും തങ്ങളുടെ യജമാനനെ അറിയിച്ചു.

അപ്പോൾ യജമാനൻ അവനെ വിളിച്ച് അവനോട് 'ദുഷ്ടദാസാ! നീ എന്നോട് അപേക്ഷിച്ചതിനാൽ ആ കടമെല്ലാം ഞാൻ നിനക്ക് ഇളച്ചു തന്നു വല്ലോ. ഞാൻ നിന്നോട് കരുണ ചെയ്തപ്രകാരം നീയും നിന്റെ സഹോദരനോട് കരുണ ചെയ്യേണ്ടത് ന്യായമല്ലായിരുന്നോ എന്ന് ചോദിച്ചു.' ആ യജമാനൻ കോപിച്ച് കടം വാങ്ങിയിരുന്നത് എല്ലാം കൊടുത്തുതീർക്കുവോളം അവനെ ദണ്ഡനാധികാരികളുടെ കൈയിൽ ഏൽപ്പിച്ചു. നിങ്ങൾ ഓരോരുത്തനും അവനവന്റെ സഹോദരനോട് ഹൃദയപൂർവ്വം കുറ്റം ക്ഷമിക്കാതെയിരുന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങളോടും അങ്ങനെതന്നെ ചെയ്യും.

**കോലോ - (ബ്തറഓക്ക്മോറാൻ)**

നാഥാ! വാതിലിൽ മുട്ടുന്നേൻ നിധിനിലയത്തീ - ന്നൻപർത്ഥിക്കുന്നേൻ
നെടുനാളായ് ഞാൻ നിൻ വഴി കൈവിട്ടൊരു പാപി-
പാപമുപേക്ഷിച്ചങ്ങത്തെ കൃപയിൽ വാഴാ-ൻ കൃപ ചെയ്തീടണമേ.

കരുണാനിധിയാം നാഥാ! നിൻ വാതിലിലല്ലാ-തെവിടടിയാർ മുട്ടും?
രാജാക്കന്മാരടികൂപ്പും രാജാധീശാ!-
തിരുസന്നിധിയിൽ യാചിപ്പാൻ നിൻ കൃപയല്ലാ-തെങ്ങൾക്കാരുള്ളൂ.

ബാറെക്മോർ. ശുബഹോ...

ജനകാത്മജ വിമലാത്മാവേ! ഞങ്ങളൊടേൽക്കും - ദുഷ്ടാത്മപ്പടയിൽ
ഞങ്ങൾക്കാവുക വന്മതിലും ശരണമതും നീ
സത്തമരെ തിരയും നേരം കരുണച്ചിറകിൽ- ചേർക്കുക ഞങ്ങളെ നീ.

മെനഓലം....

ഈയഭ്യർത്ഥന സ്വർഗ്ഗത്തിൻ വാതിൽ തുറക്കും - താക്കോലാകണമേ.
മാനവനാദം മോദകരം! മറുപടി നാഥൻ-
നൽകിടുമെന്നാ നിരകളിലുദ്ഘോഷിക്കട്ടെ- റാബേ ദൂതന്മാർ.

മൊറിയൊ....

**മാർ യാക്കോബിന്റെ ബോവൂസ്സൊ**

ഈശാ! നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

ഈശാ! നാഥാ! ഈറയനാഥാ! മാലാഖേശാ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

കാംക്ഷിക്കുന്നേൻ കന്മഷമുക്തിക്കെൻ കർത്താവേ!
കാലത്തിന്നൊത്തൻപർത്ഥിപ്പാൻ നൽകുക കണ്ണീർ.

ദാഹിക്കുന്നേനപരിത്യാജ്യം നിൻ കരുണയ്ക്കായ്
വർഷിക്കെന്മേൽ കരുണക്കടലേ കരുണാപൂരം.

വൈകി നേരം മൃതിനിഴലെന്നെ വലയം ചെയ്തു
നീയെൻ സന്ധ്യാരവിയാകണമേ നിൻ പ്രഭ കാണ്മാൻ.

ചാവല്ലേ ഞാൻ മുന്തിരിവയലിൻ വെളിയിൽ നാഥാ!
എൻ താപത്തെ നിന്തിരുനേത്രം കൈക്കൊള്ളേണം.

കാലം പോക്കി പാഴായവയെ സേവിച്ചീ ഞാൻ
ജീവാന്ത്യത്തിൽ കൈക്കൊൾകെന്നെ ഞാൻ നിന്റേതാം.

മായാരാജാവെന്നെ വധിപ്പാനെയ്തു ബാണം
സേനാധീശാ! സൗഖ്യം നേടാനൗഷധമേകൂ.

ആട്ടിൻപറ്റം വീണ്ടൊരു നല്ലോരിടയാ! സ്തോത്രം.
ചെന്നാരാഞ്ഞാ നഷ്ടമജത്തെ രക്ഷിച്ചോനേ!

ഏവൻ പോരും നേരായ് നിന്നെ സ്തുതി ചെയ്തീടാൻ
താതാത്മാവൊത്തമരുമദൃശ്യാ! സ്തോത്രം സ്തോത്രം.

ദേവാ! ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

## പ്രാർത്ഥന

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണാവാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

(തുടർന്നു ദൈവമേ! നീ പരിശുദ്ധനാകുന്നു ഇത്യാദി കൗമായും സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നുള്ളതും ചൊല്ലിയ ശേഷം സ്നേഹത്തെക്കുറിച്ചും ക്ഷമയെക്കുറിച്ചും പ്രസംഗിക്കുന്നു. അനന്തരം താഴെ കാണുന്നതു ചൊല്ലിക്കൊണ്ട് പ്രധാന പട്ടക്കാരൻ എല്ലാവരുടെയും മുമ്പാകെ മൂന്നു പ്രാവശ്യം മുട്ടുകുത്തുന്നു. ഓരോ പ്രാവശ്യവും പട്ടക്കാരൻ മുട്ടുകുത്തുമ്പോൾ ജനങ്ങളും "പിതാവേ! ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് പറഞ്ഞുകൊണ്ട് മുട്ടുകുത്തുന്നു.)

## ഒന്നാമത്

പട്ടക്കാരൻ :- സഹോദരന്മാരേ! വത്സലരേ! മശിഹായെപ്രതി എന്നോടു ക്ഷമിപ്പിൻ, ഞാൻ നിങ്ങളോടു പാപം ചെയ്തുപോയി. സ്നേഹത്തോടും ആത്മീയമായ ഐക്യത്തോടും പൈതൃകമായ സ്നേഹത്തോടും കൂടി ജാഗരൂകനായ ഇടയനെപ്പോലെ നിങ്ങളെല്ലാവരോടും ഞാൻ കൽപ്പിക്കുകയും നിങ്ങളുടെ മുമ്പാകെ നിലത്ത് കുമ്പിടുകയും ചെയ്യുന്നു.

ജനം :- പിതാവേ! ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## രണ്ടാമത്

പട്ടക്കാരൻ :- നിങ്ങളുടെ നിർവ്യാജസ്നേഹത്തോട് ഞാൻ അപേക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. സഹോദരന്മാരേ! വത്സലരേ! വരുവിൻ, ദൈവം നമ്മോടു രമ്യപ്പെടുവാൻ വേണ്ടി നമുക്കു പരസ്പരം രമ്യമാകാം. വിശുദ്ധ ത്രിത്വത്തിന്റെ ബഹുമതിക്കായി ഞാൻ നിലത്തു കുമ്പിടുന്നു.

ജനം :- പിതാവേ! ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## മൂന്നാമത്

പട്ടക്കാരൻ :- നിങ്ങളെല്ലാവരുടെയും സന്നിധിയിൽ സങ്കടഹൃദയത്തോടും പരിപൂർണ്ണ മനസ്സാക്ഷിയോടുംകൂടെ നിങ്ങളുടെ സ്നേഹത്തോടു ഞാൻ അഭ്യർത്ഥിക്കുന്നു. ഉന്നതശബ്ദത്തിൽ നിങ്ങളോട് അട്ടഹസിക്കുകയും ചെയ്യുന്നു. സഹോദരരേ! വത്സലരേ! വരുവിൻ; നമുക്കു പരസ്പരം രമ്യമാകാം. നിങ്ങൾ പരസ്പരം തെറ്റുകുറ്റങ്ങൾ ക്ഷമിച്ചാൽ നിങ്ങളോടും ക്ഷമിക്കുമെന്ന് പറഞ്ഞിരിക്കുന്നതനുസരിച്ച് നാമെല്ലാവരിലും ദൈവം പ്രീതിപ്പെട്ട് നമ്മുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുവാൻവേണ്ടി അന്യോന്യം ചെയ്തുപോയിട്ടുള്ള തെറ്റുകളും കുറ്റങ്ങളും ക്ഷമിക്കണം. ദൈവമായ കർത്താവ് എന്റെ പാപങ്ങളും നിങ്ങളുടെ പാപങ്ങളും ക്ഷമിച്ച് പരിഹരിക്കട്ടെ.

ജനം :- പിതാവേ! ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രാർത്ഥന

ഈ വിശുദ്ധ നോമ്പിന്റെ പ്രാരംഭം അനുഗൃഹീതമായിരിക്കട്ടെ. ഇതിന്റെ അവസാനവും അനുഗൃഹീതമായിരിക്കട്ടെ. തന്റെ ഇഷ്ടാനുസരണം ഇതിനെ അനുഷ്ഠിക്കുന്നതിന് ദൈവം നിങ്ങളെല്ലാവരെയും സഹായിച്ച് തുണയ്ക്കട്ടെ. രഹസ്യവും പരസ്യവുമായ ശത്രുക്കളുടെ, അതായത് വിശ്വാസികളായ ക്രിസ്ത്യാനികളുടെ ശത്രുവായ സാത്താന്റെ കെണികളെ നിങ്ങളുടെ മുമ്പിൽനിന്ന് അവൻ തകർത്തുകളയട്ടെ. നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ നോമ്പിന്റെ അന്ത്യത്തിൽ അവനെ തോൽപ്പിച്ച് സാത്താനേ! എന്റെ പിന്നിൽ പോകുക എന്ന് അവനോടു പറഞ്ഞ പ്രകാരം അവന്റെ പരീക്ഷണങ്ങളിൽനിന്ന് നിങ്ങളെയും രക്ഷിക്കുമാറാകട്ടെ. ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും ശ്ലീഹന്മാരുടെയും പ്രാർത്ഥനയാലും സ്ലീബായുടെ ശക്തിയാലും നിങ്ങളെ കാത്ത് സഹായിക്കുമാറാകട്ടെ. ആമ്മീൻ.

(അനന്തരം വിശ്വാസപ്രമാണവും നാൽപ്പതു കുമ്പിടീലും,
നിന്നാൾ സ്തുതിയൊടു രാജമകൾ, നയവാൻ പനപോലെ ആദിയായതും
ചൊല്ലിയിട്ട് ഹൂത്തോമോ ചൊല്ലിക്കൊണ്ട് പട്ടക്കാരും ശെമ്മാശ്ശന്മാരും
ജനം മുഴുവനും ഹൃദയപൂർവ്വം പരസ്പരം സമാധാനം കൊടുക്കണം.
നാം പരസ്പരം ക്ഷമിക്കുന്നതു കാണുന്ന ദൈവം നമ്മോടും ക്ഷമിക്കും.)